**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3811** **06-08-2021 - ൽ മറുപടിയ്ക്ക്**

**തൃക്കൊടിത്താനം മഹാദേവ ക്ഷേത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പഞ്ചപാണ്ഡവ ക്ഷേത്രങ്ങളിലൊന്നായ തൃക്കൊടിത്താനം മഹാദേവ ക്ഷേത്രത്തിന്റെ ആയിരം വർഷം പഴക്കമുള്ളതായി കരുതപ്പെടുന്ന ചുറ്റമതിലിന്റെ ഒരു ഭാഗം ഇടിഞ്ഞുപോയിട്ടുള്ളത് പുനർനിർമ്മിക്കണം എന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പഞ്ചപാണ്ഡവ ക്ഷേത്രങ്ങളിലൊന്നായ തൃക്കോടിത്താനം മഹാവിഷ്ണു ക്ഷേത്രത്തിലെ ചുറ്റമതിൽ പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിലേക്ക് ലഭിച്ച നിവേദനം തുടർനടപടികൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ഈ ക്ഷേത്രത്തിലെ ചുറ്റമതിൽ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | ക്ഷേത്രവും ചുറ്റമതിലും പുരാവസ്തു വിഭാഗവുമായി ബന്ധപ്പെട്ടതാകയാൽ അവ സംരക്ഷിച്ചു നിലനിർത്തുന്നതിനായി പുരാവസ്തു വകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ്, ചങ്ങനാശ്ശേരി ദേവസ്വം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ക്ഷേത്രവും ചുറ്റമതിലും സംരക്ഷിച്ചു നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ക്ഷേത്രവും ചുറ്റമതിലും പുരാവസ്തു വിഭാഗവുമായി ബന്ധപ്പെട്ടതാകയാൽ അവ സംരക്ഷിച്ചു നിലനിർത്തുന്നതിനായി പുരാവസ്തു വകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ്, ചങ്ങനാശ്ശേരി ദേവസ്വം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ